വയോജനവിദ്യാഭ്യാസത്തിനും അനൗപചാരിക വിദ്യാഭ്യാസത്തിനും വേണ്ടി നടന്നുവരുന്ന പ്രവർത്തനങ്ങൾ

435 [782] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനവിദ്യാഭ്യാസത്തിനും അനൗപചാരിക വിദ്യാഭ്യാസത്തിനുംവേണ്ടി ഈ സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്;

(ബി) കാൻഫെഡ് എന്ന സംഘടനയ്ക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 15-നും 35-നും ഇടയ്ക്കു പ്രായമുള്ള നിരക്ഷരരായ യുവാക്കൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകം സെന്ററുകൾ വച്ച് അദ്ധ്യയനം നൽകിവരുന്നുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള 'സ്റ്റേറ്റ് അഡൽട്ട് എഡ്യൂക്കേഷൻ' യൂണിറ്റും വികസന വകുപ്പ് സാമൂഹ്യക്ഷേമ ബോർഡും നെഹ്റു യുവക് കേന്ദ്രങ്ങൾ, കാൻഫെഡ് തുടങ്ങിയ സന്നദ്ധ സംഘടനകളും വഴിയാണ് ഈ കേന്ദ്രങ്ങൾ നടത്തുന്നത്. ഈ കേന്ദ്രങ്ങളിൽ പഠിപ്പിക്കുന്നതിനാവശ്യമായ പാഠ്യവിഷയങ്ങൾ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററും പ്രവർത്തിക്കുന്നുണ്ട്.

(ബി, സി) ഇല്ല. എന്നാൽ കാൻഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നടത്തിപ്പിനാവശ്യമായ ചെലവിന്റെ സംസ്ഥാനവിഹിതം വിദ്യാഭ്യാസ വകുപ്പിൽനിന്നും നൽകി വരുന്നുണ്ട്. കൂടാതെ കാൻഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ചില പ്രത്യേക പരിപാടികൾക്ക് സാമ്പത്തിക സഹായം നൽകാറുണ്ട്. ഇത് അതാതുപരിപാടികൾക്ക് വേണ്ടി വരുന്ന ചെലവിനെ ആശ്രയിച്ചിരിക്കുമെന്നതിനാൽ എത്രയെന്ന് കൃത്യമായി പറയാൻ നിർവ്വാഹമില്ല.

മാനില നൂലകം

(State Library)

785. ശ്രീ. ജി. ലരതൻ : കിഴ് കാണും വിണ്ണക്കണ്ണുക്കു കല്വി മന്തിരി തയൈ കൂർന്തു വിടൈ നല്കുവാരാ :

(എ) തിരുവനന്തപുരത്തിൽ ഉള്ള മാനില നൂലകത്തിൽ നികഴ് ആണ്ടിൽ പുസ്തകങ്കൾ വാങ്കുവതർകു എവ്വളവു നിതി ഒതുക്കപ്പട്ടുള്ളതു ;

(ബി) നൂലകത്തിൽ നികഴ് ആണ്ടിൽ വാങ്കപ്പട്ട നൂൽകളിൻ കണക്കു മൊഴി അടിപ്പടൈയിൽ കൂറലാമാ ;

(സി) തമിഴ്മൊഴി നൂൽകൾ നികഴ് ആണ്ടിൽ ഇതുവരൈയിലും വാങ്കപ്പടവില്ലൈ എൻപതു അരചിൻ കവനത്തിർകു വന്തുള്ളതാ ;

(ഡി) തമിഴ്മൊഴി സിറുപാൻമൈയിനരിൻ നലൻ കരുതി തമിഴ് നൂൽകൾ വാങ്ക അരചു ഉടനടി നടവടിക്കൈ എടുക്കുമാ ?

LIBRARY ARCHIVES Kerala Legislative Assembly